ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനി, കുഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) കുണ്ടുകാട് :

വീട് പ്ലാസ്റ്ററിംഗ്, കോൺക്രീറ്റ് റോഡ്, റോഡ് റീടെയിനിംഗ് വാൾ എന്നിവ പൂർത്തീകരിച്ചു. വാട്ടർ ടാങ്ക്, കുടിവെള്ള വിതരണം, ബോർവെൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പെരമ്പിലംകാട് :

കോൺക്രീറ്റ് റോഡ്, സൈഡ് റോഡ്, ഇലക്ട്രിക് പോസ്റ്റ് മാറ്റലും ലൈൻ എക്സ്റ്റൻഷനും പൂർത്തിയായി. എസ്റ്റിമേറ്റ് 1, 2, 4 എന്നിവയിലെ കോൺക്രീറ്റ് റോഡും കിണറിന്റെ വൃത്തിയാക്കലും പുരോഗമിച്ചുവരുന്നു.

(സി) എത്രയും വേഗം പണി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

313(2782) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഗ്രാന്റും നൽകാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഴ്സറി തല്ലം മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റ് അനുവദിച്ചു വരുന്നു. വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപന്റ് കൂടി അനുവദിച്ചു വരുന്നു. 2012-13 വർഷം മുതൽ IX, X ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായ പദ്ധതി പ്രകാരം പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ടി പദ്ധതി പ്രകാരം പ്രതിമാസം 150 രൂപ ഡേ സ്കോളേഴ്സിനും, 350 രൂപ ഹോസ്റ്റലേഴ്സിനും യഥാക്രമം 750, 1000 രൂപ വീതം ബുക്ക്സിനും അഡ്ഹോക് ഗ്രാന്റായും അനുവദിച്ചുവരുന്നു. 1 മുതൽ 4 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2,000 രൂപ വീതം നൽകുന്ന പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്ന പദ്ധതി 2014-15 വർഷം മുതൽ നടപ്പാക്കി വരുന്നു.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 100 രൂപയും അനുവദിച്ചുവരുന്നു. പ്രീ-മെട്രിക് പഠനത്തിന് ലംപ്സം ഗ്രാന്റിനത്തിൽ നഴ്സറി സ്കൂൾ 150 രൂപ, എൽ.പി. 250 രൂപ, യു.പി. 500 രൂപ, ഹൈസ്കൂൾ 750 രൂപ എന്നീ നിരക്കിൽ അനുവദിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350 രൂപ മുതൽ 2500 രൂപ വരെ വ്യത്യസ്ത നിരക്കിൽ ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500 രൂപ, 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 600 രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റ് അനുവദിച്ചുവരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണച്ചെലവും, പോക്കറ്റ് മണിയായി 150 രൂപയും അനുവദിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക്, സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം തുടരുകയുമാണെങ്കിൽ 1500 രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.

സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെരിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, മെസ് ഫീസ്, സർക്കാർ/സർക്കാർ ഏജൻസി യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

(ബി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ വിദ്യാഭ്യാസത്തിലൂടെ ഉന്നതി കൈവരിക്കാൻ സഹായിച്ച് സമൂഹത്തിന്റെ പൊതുധാരയിലെത്തിക്കാനാണ് പട്ടികജാതി വികസന വകുപ്പ് മുഖേന വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നത്.

(സി) പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്നു. അതാത് വർഷം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വകുപ്പിൽ നിന്നും അനുമതി ഉത്തരവ് നൽകുകയും സ്ഥാപനം ഫണ്ട് സ്റ്റേറ്റ്മെന്റ് അയയ്ക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുകയും ചെയ്യുന്നു. പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ തുറക്കുമ്പോൾ തന്നെ ലംപ്സം ഗ്രാന്റ്, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. ന്യൂനതകളില്ലാതെ ലഭിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. പഠിക്കുന്ന കോഴ്സുകൾക്കുള്ള ഫീസാനുകൂല്യത്തിനു പുറമേ മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം, ലാപ്ടോപ്പ്, സ്റ്റെതസ്കോപ്പ്, പ്രാരംഭചെലവ്, പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്, എൻട്രൻസ് കോച്ചിംഗിന് ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ബാക്കി പദ്ധതികളെല്ലാം അതാത് വർഷം തന്നെ ആനുകൂല്യമായി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും നടപടി സ്വീകരിച്ച് വിതരണം ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly